**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1034** — **06-10-2021 - ൽ മറുപടിയ്ക്ക്**

**ആക്കുളം കായൽ പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആക്കുളം കായൽ പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ആക്കുളം കായൽ സംരക്ഷണ പദ്ധതിയിലൂടെ ആക്കുളം കായൽ പുനരുജ്ജീവനപദ്ധതിയ്ക്കായി 185.23 കോടി രൂപയുടെ ഭരണാനുമതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ആയതിൻ പ്രകാരം ഒന്നാംഘട്ടമായി 64.13 കോടി രൂപ കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ WAPCOS-നെയാണ് SPV യായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ആക്കുളം കായലും അനുബന്ധതോടുകളും ശുദ്ധീകരിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് ഉതകത്തക്ക രീതിയിലുള്ള സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. DBOT മാതൃകയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി ടെണ്ടർ ചെയ്യുകയും 3 ഏജൻസികൾ ടെൻഡറിൽ പങ്കെടുക്കുകയുണ്ടായി. അതിൽനിന്ന് ശ്രീ.അവാന്തികാ കോൺട്രാക്ടേഴ്സ് (ഐ) ലിമിറ്റഡ് ഹൈദരാബാദ് എന്ന ഏജൻസി ക്വാളിഫൈ ചെയ്തു. എന്നാൽ കിഫ്ബി അംഗീകരിച്ച തുകയിൽ കൂടുതലാണ് ഫിനാൻഷ്യൽ ബിഡിൽ ക്വാളിഫൈ ചെയ്ത ഏജൻസി ക്വാട്ട് ചെയ്തിരിക്കുന്നത് (185.70 കോടി രൂപ). തുടർന്ന് 22/07/2021-ൽ ടി ഏജൻസിയുമായി റേറ്റ് നെഗോസിയേഷൻ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി ഏജൻസി റിവൈസ്ഡ് റേറ്റ് ക്വാട്ട് ചെയ്ത് (183.46 കോടി രൂപ) കിഫ്ബിയ്ക്ക് സമർപ്പിക്കുകയുണ്ടായി. ഇതിനെ തുടർന്ന് കിഫ്ബി 14/09/2021-ൽ റിവൈസ്ഡ് റേറ്റ് റിവ്യൂ ചെയ്യുകയും കിഫ്ബി അംഗീകരിച്ച് നൽകിയതിൽനിന്നും എന്ത്കൊണ്ട് കൂടുതൽ തുക ക്വാട്ട് ചെയ്യുന്നതിനുള്ള കാരണം കാണിച്ച് Justification Report സമർപ്പിക്കാൻ SPVയായ WAPCOS നോട് ആവശ്യപ്പെട്ടിട്ടുണ്ട്. കിഫ്ബി |

| | | | |
|---|---|---|---|
| | | | അംഗീകാരം നൽകുന്ന മുറയ്ക്ക് കരാറുകാരനെ ഫൈനലൈസ് ചെയ്യാവുന്നതാണ്. |
| (ബി) | കണ്ണമ്മൂല-ആക്കുളം ഭാഗങ്ങളിലെ ആമയിഴഞ്ചാൻ തോടിന്റെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ആമയിഴഞ്ചാൻ തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിരുന്നു. ആയതിന്റെ ഭാഗമായി കണ്ണമ്മൂല മുതൽ നെല്ലിക്കുഴി പാലത്തിന് താഴെ ഏകദേശം 500 മീ. ദൂരം വരെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന്, താഴോട്ട് കടകംപള്ളി വില്ലേജ് ആമയിഴഞ്ചാൻ തോടിന്റെ ഭാഗങ്ങളുടെ അതിർത്തി നിർണ്ണയിച്ച് നൽകാൻ സർവ്വേ ഡിപ്പാർട്ട്മെൻറിന് രേഖകളുടെ അഭാവം മൂലം സാധിച്ചിട്ടില്ല. |
| (സി) | തിരുവനന്തപുരത്തിന്റെ തനത് ജലസ്രോതസ്സായ ആമയിഴഞ്ചാൻ തോട് സംരക്ഷിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ ആമയിഴഞ്ചാൻ തോടിന്റെ (കണ്ണമ്മൂല മുതൽ ആക്കുളം വരെ) പുനരുദ്ധാരണത്തിന്റെ ഭാഗമായി 25 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഉൾപ്പെടുത്തി ആമയിഴഞ്ചാൻ തോടിന്റെ സൈഡ് ബണ്ടിലൂടെ സീവേജ് ലൈൻ സ്ഥാപിക്കുന്നതിനും, തോട്ടിലെ അടിഞ്ഞുകൂടിയ മണ്ണ് നീക്കുന്നതിനും കണ്ണമ്മൂല മുതൽ നെല്ലിക്കുഴി വരെയുള്ള സൈഡ് ഭിത്തിയുടെ പുനർനിർമ്മാണത്തിനും വേണ്ടിയുള്ള 18.13 കോടി രൂപയുടെ പ്രവൃത്തി ടെൻഡർ ചെയ്യുകയും ഉണ്ടായി. Cheerans Structural Foundation എന്ന കമ്പനിയുമായി എഗ്രിമെന്റ് വെയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17/08/2021 -ൽ പ്രവൃത്തിയുടെ സ്ഥലം കോൺട്രാക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. മണ്ണ് മാറ്റുന്നതിനു മുന്നോടിയായി മണ്ണിന്റെ അളവ് (quantity) അറിയുന്നതിനുവേണ്ടി ലെവൽസ് (levels) എടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ